"ഭരണഭാഷ-മാതൃഭാഷ"

സാമൂഹികാരോഗ്യകേന്ദ്രം,
ആനന്ദപുരം-680305
ഫോൺ:99466-19942
ഇ-മെയിൽ: anandapuramchc@gmail.com

നം.ബി-711/2021

തിയതി: 17/07/2024

**ലേലം/ക്വട്ടേഷൻ പരസ്യം**

ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആനന്ദപുരം സാമൂഹികാരോഗ്യകേന്ദ്രത്തിൽ അൺഫിറ്റായ കെട്ടിടഭാഗങ്ങൾ (റൂം നമ്പർ 12,13,14,15,16,17,18,19,20,21 ബന്ധപ്പെട്ട വരാന്തകൾ ഉൾപ്പടെ) നിയമാനുസൃത നടപടിക്രമം പാലിച്ച് പൊളിച്ച് നീക്കുന്നതിന് പരസ്യലേലം നടത്തുന്നതാണ്. താത്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ സ്വീകരിക്കുന്നു. ക്വട്ടേഷനുകൾ 26/07/2024 രാവിലെ 11.00മണിയ്ക്കകം ഈ ഓഫീസിൽ സ്വീകരിക്കുന്നതും, അന്നേദിവസം 12.00മണിയ്ക്ക് പരസ്യലേലം നടത്തി ലഭിച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്. വൈകി വരുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം 1000/-(രൂപ ആയിരം രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. സർവ്വേ റിപ്പോർട്ട് പ്രകാരം വില നിശ്ചയിച്ചിട്ടുള്ളത് 32,090/-(ഉത്തരവ് നമ്പർ. പി.എൽ.ബി.2-145/2023 ആവഡ തീയതി:18/02/2023) ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി കെട്ടിടഭാഗങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.ലേലദിവസം ഏതെങ്കിലും കാരണവശാൽ പൊതുഅവധിയായാൽ അടുത്ത പ്രവൃത്തിദിവസം ലേലം നടത്തുന്നതാണ്.

പരസ്യ ലേലത്തിൽ അല്ലെങ്കിൽ ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്ന ആൾക്ക്, ന്യായമെന്ന് തോന്നുന്നപക്ഷം ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം ലേലത്തുകയും, അതിന്റെ 18% ജി.എസ്.ടി.യും ഓഫീസിൽ അടക്കേണ്ടതും, സൂപ്രണ്ട് നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട് കിടക്കുന്ന കെട്ടിടങ്ങൾക്ക് നാശനഷ്ടം വരാതെയും പൊതുജനങ്ങൾക്കോ, രോഗികൾക്കോ ബുദ്ധിമുട്ടാവാത്ത രീതിയിലും കെട്ടിടം പൊളിച്ച് മണ്ണ് ഒഴികെയുള്ള അവശിഷ്ടങ്ങൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.

ലേലം സംബന്ധിച്ച് സർക്കാർ വക എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ഇതു സംബന്ധിച്ച് അന്തിമതീരുമാനം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

SUPERINTENDENT
സൂപ്രണ്ട്
CHC ANANDAPURAM
സി.എച്ച്. സി. ആനന്ദപുരം
PIN-680305

പകർപ്പ്

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
2. ജില്ല പബ്ലിക് റിലേഷൻസ് ഓഫീസർ, തൃശ്ശൂർ
3. സെക്രട്ടറി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്
4. സെക്രട്ടറി, മുരിയാട് ഗ്രാമപഞ്ചായത്ത്
5. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
6. വില്ലേജ് ഓഫീസർ, ആനന്ദപുരം
7. സൂപ്രണ്ട്/മെഡിക്കൽ ഓഫീസർ, FHC കാറളം, CHCകാട്ടൂർ, FHC പൊറത്തിശ്ശേരി, FHCപറപ്പൂക്കര
8. നോട്ടീസ്ബോർഡ്
9. ഫയൽ/സംഭരണഫയൽ